പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4836

26.06.2019-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് പഠനത്തിൽ പരിഷ്കാരം

*ചോദ്യം*

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്പെഷ്യലൈസേഷന് അവസരം ഒരുക്കിയും പഠനഭാരം ലഘൂകരിച്ചും എഞ്ചിനീയറിംഗ് പഠനത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. 2019 ജൂൺ മുതൽ ബി.ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182 ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45 ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സാങ്കേതിക സർവ്വകലാശാല എടുത്ത തീരുമാനം എന്തൊക്കെയാണ്; ബിരുദം കരസ്ഥമാക്കുവാൻ നേടേണ്ട ക്രെഡിറ്റ് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധമില്ലാത്ത വിഷയങ്ങൾ സിലബസ്സിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിഷ്കരിച്ച സിലബസ് 2019 മുതൽ പ്രാബല്യത്തിൽ വരികയാണ്. ആയതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ബി.ടെക്കിനോടൊപ്പം ഓണേഴ്സിന് ചേർന്ന് പഠനം പൂർത്തിയാക്കുമ്പോൾ സ്പെഷ്യലൈസേഷന് അവസരം ഒരുക്കിയിട്ടുണ്ടോ; മാറിയ പാഠ്യപദ്ധതി എന്ന് മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | ഓരോ വിദ്യാർത്ഥിയുടേയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക് ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക് ഡിഗ്രിക്കു പകരം ബി.ടെക് ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റു പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി.ടെക് മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. നിശ്ചിത മിനിമം ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥികൾക്ക് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി.വോക് ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറായി വരുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ